## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3361 — 24-06-13 ൽ മറുപടിക്ക്

### സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് നടപടികൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | 2012-ൽ സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതുമായി ബന്ധപ്പെട്ട് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; | (എ) | സ്പിരിറ്റ് കള്ളക്കടത്ത് ഉൾപ്പെടെയുള്ള അബ്കാരി കുറ്റകൃത്യങ്ങളും, NDPS, M & T P തുടങ്ങിയ കുറ്റകൃത്യങ്ങളും അമർച്ച ചെയ്യുന്നതിനുവേണ്ടി, 2012-ൽ സംസ്ഥാനത്താകെ എക്സൈസ് വകുപ്പ് ആകെ 114684 റെയ്ഡുകൾ / പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതുപ്രകാരം എത്ര ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്; എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | 36902.5 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും, 116 പേർക്കെതിരെ കേസെടുത്ത് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി, ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ബോർഡർ പട്രോളിംഗും, ഹൈവേ പട്രോളിംഗും, 24 മണിക്കൂറും പ്രവർത്തിക്കുന്ന അതിർത്തി പട്രോളിംഗും, ശക്തിപ്പെടുത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ വ്യാജസ്പിരിറ്റ് സൂക്ഷിച്ചിരുന്ന സ്ഥലങ്ങളിലും, സ്പിരിറ്റ് കടത്തിന് സാധ്യതയുള്ള റോഡുകളിലും ശക്തമായ നിരീക്ഷണം നടത്തി വരുന്നു. മുൻകാല സ്പിരിറ്റ് കേസിലെ പ്രതികളേയും, അവരുടെ പ്രവർത്തനങ്ങളേയും നിരീക്ഷിച്ച്, എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥർ രഹസ്യാന്വേഷണം നടത്തി, വിവരങ്ങൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറി വരുന്നു. |

സെക്ഷൻ ആഫീസർ